# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ശാസ്ത്രത്തിന് കഴിയാത്തതും ദൈവത്തിന് കഴിയുന്നതും



ഇന്ത്യ: ലോകം അവളോട് പറഞ്ഞത് നിനക്കൊരു അമ്മയാകാൻ കഴിയില്ല എന്നാണ്. അക്കാര്യം തുറന്നു പറഞ്ഞുകൊണ്ടാണ് അവൾ വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചതും. വിവാഹരാത്രിയിൽ ആ ദമ്പതികൾ പ്രാർത്ഥനാപൂർവ്വം ബൈബിളെടുത്തു വായിച്ചപ്പോൾ ലഭിച്ചതാകട്ടെ. കടൽത്തീരത്തെ മണൽത്തരിപോലെ നിനക്ക് മക്കളുണ്ടാകുമെന്ന് ദൈവം അബ്രാഹത്തിന് നൽകിയ വാഗ്ദാനവും. ആ വചനത്തിൽ അവർ വിശ്വസിച്ച് ഇന്ന് ആ ദമ്പതികൾക്ക് അഞ്ചു മക്കളുണ്ട്. ഇത് ഷെജിൻ-സ്മിത ദമ്പതികളുടെ അനുഭവം.

2003 മാർച്ച് ഒന്നിന് വിവാഹിതരായ ഷെജിനും സ്മിതയ്ക്കും ഏതൊരു കുടുംബജീവിതത്തിന്റെയും സ്വപ്നമായ കുഞ്ഞുങ്ങൾ എന്ന യാഥാർഥ്യം മുമ്പിൽ ഉായിരുന്നില്ല. കാരണം തൈറോയിഡ് 150 മൈക്രോ ഗ്രാം കഴിച്ചുകൊണ്ടിരുന്ന സ്മിതയ്ക്ക് കുട്ടികളുണ്ടാകാൻ സാധ്യതയില്ല എന്നാണ് മെഡിക്കൽ സയൻസ് പറഞ്ഞത്. ഇക്കാര്യം ഷെജിനോട് പറഞ്ഞുകൊണ്ടാണ് സ്മിത വിവാഹിതയായതും. പ്രാർത്ഥനയിലും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലും അധിഷ്ഠിതമായ ഉറച്ച തീരുമാനമാണ് ഇരിങ്ങാലക്കുട സ്വദേശിയും ജീസസ് യൂത്ത് സജീവ പ്രവർത്തകനുമായ ഷെജിനെ ആലപ്പുഴക്കാരിയായ സ്മിതയെ വിവാഹം കഴിക്കുന്നതിലേക്ക് നയിച്ചത്. വിവാഹരാത്രിയിൽ ഇരുവരും കൂടി പ്രാർത്ഥിച്ചു. വചനമെടുത്തപ്പോൾ കിട്ടിയത് അബ്രാഹത്തോട് ദൈവം ചെയ്ത വാഗ്ദാനമാണ്. നിന്റെ സന്തതികൾ കടൽത്തീരത്തെ മണൽത്തരികൾ പോലെയായിരിക്കും. ഈ വചനം വരാനിരിക്കുന്ന അത്ഭുതത്തിന് കാരണമായി മാറുമെന്ന് ഇരുവരും ഹൃദയത്തിൽ വിശ്വസിച്ചു. ദൈവം എത്ര കുട്ടികളെ തന്നാലും സ്വീകരിക്കും എന്ന് അവർ ആ നിമിഷം തീരുമാനമെടുത്തു.

അസാധ്യകാര്യങ്ങളിൽ നമ്മുടെ ബലഹീനതയെ ശക്തിയാക്കി മാറ്റുന്ന ഇന്നും ജീവിക്കുന്നവനായ കർത്താവ് അത്ഭുതം പ്രവർത്തിച്ചു. 2003 ഏപ്രിലിൽ സ്മിത ഗർഭിണിയായി. കുട്ടി മന്ദബുദ്ധിയാകാനും ചിലപ്പോൾ അബോർഷനാകാനും സാധ്യതയുണ്ട് എന്ന് പലരും പറഞ്ഞു. തൈറോയിഡ് 150 മൈക്രോഗ്രാം സ്മിത കഴിക്കുന്നതായിരുന്നു അതിനു കാരണം. പിന്നീട് പ്രാർത്ഥനയുടെ ദിവസങ്ങളായിരുന്നു. ആദ്യ കുട്ടിയായ ജേസിക്കാ മരിയ ഈ ലോകത്തിലേക്കു വന്നു. പൂർണ ആരോഗ്യവതിയായി. ആദ്യ കുഞ്ഞുണ്ടായി ആറുമാസങ്ങൾക്കുശേഷം സ്മിത രണ്ടാമതും ഗർഭിണിയായി. തെരേസയായിരുന്നു ആ കുഞ്ഞ്. ഷെജിൻ-സ്മിത ദമ്പതികൾക്ക് പിന്നീട് ജെസ്സെ,

ജോഷ്വാ, ജൊവാന എന്നിങ്ങനെ മൂന്നു കുട്ടികൾ കൂടി ജനിച്ചു.

പ്രസവങ്ങളെല്ലാം നോർമലായിരുന്നു. ഓരോന്നു കഴിയുമ്പോഴും ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹംപോലെ തൈറോയിഡ് കഴിക്കുന്നത് 25 ഗ്രാം വച്ച് കുറഞ്ഞു. ഇപ്പോൾ വെറും 25 മൈക്രോഗ്രാം എന്ന നിലയിലായി തെറോയിഡിന്റെ അളവ്. ഒന്നാമത്തെ പ്രസവം വളരെയധികം ബുദ്ധിമുട്ടു നിറഞ്ഞതായിരുന്നു. അതിനുശേഷം ഒട്ടൊക്കെ ഭയപ്പാടോടെയാണ് കഴിഞ്ഞിരുന്നത്. സ്മിത ഓർമ്മിക്കുന്നു. ആ സമയത്താണ് ഒരു ധ്യാനത്തിന് പോകുന്നത്. ആരാധനയുടെ സമയത്ത് വൈദീകൻ വിളിച്ചുപറഞ്ഞു. പ്രസവവുമായി ബന്ധപ്പെട്ട് പേടിയുള്ള ഒരു സഹോദരിയുടെ ഭയം കർത്താവ് എടുത്തു നീക്കുന്നുവെന്ന്. അത് എനിക്കുള്ള സന്ദേശമാണെന്ന് ഞാൻ വിശ്വസിച്ചു. ആ സമയം ഗർഭിണിയാണെന്ന് വിവരവും അറിയില്ലായിരുന്നു.

ആദ്യപ്രസവത്തിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് ചേച്ചിയുമായി സംസാരിച്ചപ്പോൾ ചേച്ചിപറഞ്ഞു. നീ കൊന്തചൊല്ലി പ്രാർത്ഥിക്ക്. മാതാവ് നിന്റെ പ്രസവവേദന കുറച്ചുതരും. അന്നു മുതൽ ശക്തമായി കൊന്ത ചൊല്ലുന്നതിനാരംഭിച്ചു. അത്ഭുതകരമെന്ന് പറയട്ടെ. രണ്ടാമത്തെ പ്രസവം എന്നെ സംബന്ധിച്ച് വലിയ അസ്വസ്ഥതകൾ നൽകിയില്ല. മൂന്നാമത്തെ പ്രസവകാലത്ത് ഒട്ടൊക്കെ പ്രാർത്ഥനയിൽ കുറവനുഭവപ്പെട്ടു. അതിനാൽ ബുദ്ധിമുട്ടുകളും വർദ്ധിച്ചു. കഷ്ടതകളുടെ കാലത്ത് ദൈവത്തെ വിളിച്ചപേക്ഷിക്കുകയും നല്ല കാലമാകുമ്പോൾ മറക്കുകയും ചെയ്യുന്ന മനുഷ്യസ്വഭാവം എന്നെയും പിടികൂടി. സ്മിത പറഞ്ഞു. പിന്നീട് പ്രാർത്ഥനയിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. തുടർന്നുള്ള രണ്ടു പ്രസവങ്ങൾക്കും ബുദ്ധിമുട്ടുകൾ കുറവായിരുന്നു. പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥം എന്നെ അതിന് സഹായിച്ചു. ഓരോ പ്രസവത്തിന്റെയും ആറുമാസത്തെ ഇടവേളക്കുശേഷം വീണ്ടും ഗർഭിണിയായപ്പോൾ മുലയൂട്ടുന്നത് നിർത്തേണ്ടിവന്നു. അതിനെയും തുടരെത്തുടരെ കുട്ടികളുണ്ടാകുന്നതിനെയും പലരും വിമർശിച്ചു. ഞങ്ങൾക്കത് വിഷമത്തിന് കാരണമായി. എങ്കിലും ദൈവം തരുന്ന കുഞ്ഞുങ്ങളെ സ്വീകരിക്കുമെന്ന് ഉറച്ച തീരുമാനത്തിൽ നിന്ന് പിന്മാറിയില്ല. അഞ്ചാമത്തെ കുട്ടി ഒമ്പതു മാസമായപ്പോൾ പാലുകുടി തനിയേ നിറുത്തി. എത്ര നിർബന്ധിച്ചാലും കരഞ്ഞ് ഒഴിഞ്ഞുമാറും. കൂടുതൽ നാളുകൾ മൂത്ത കുട്ടികളെ മുലയൂട്ടിയില്ല എന്ന എല്ലാവരുടെയും പരാതികൾക്ക് മറുപടിയായി ദൈവം ഞങ്ങൾക്ക് തിരിച്ചറിവ് തന്നതാണ്. അങ്ങനെയാണ് ഈ സംഭവത്തെ ദമ്പതികൾ വിലയിരുത്തുന്നത്.

കുഞ്ഞുങ്ങൾ ഭാരമാണ്. അവരെ വളർത്തി നല്ല നിലയിലാക്കണമെങ്കിലുള്ള കഷ്ടപ്പാടുകൾ, ഭാവിയെക്കുറിച്ചുള്ള ആകുലത ഇതിലെല്ലാം മാനുഷികമായി പദ്ധതികൾ തയ്യാറാക്കി വിഷമിക്കുന്നവർക്ക് ചിലപ്പോൾ കുട്ടികൾ ഭാരമായി അനുഭവപ്പെടും. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റെതത്രേ. കുട്ടികളുടെ എണ്ണം കൂടുതലുള്ളത് പങ്കുവയ്ക്കപ്പെടുന്ന സ്നേഹത്തെ തിരിച്ചറിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു. മാതാപിതാക്കന്മാർ ഒരു കുട്ടിയോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമാണ് ഒരേയൊരു സന്താനം മാത്രം തങ്ങൾക്ക് മതി എന്ന് തീരുമാനിക്കുന്നത്. ഷെജിനും സ്മിതയും ഏകസ്വരത്തിൽ പറയുന്നു.

പരസ്പരമുള്ള സഹകരണവും ആത്മബന്ധവും തങ്ങളുടെ കുട്ടികളുടെ ഇടയിൽ രൂപപ്പെടുന്നത് ആഹ്ലാദത്തോടെയാണ് ഈ ദമ്പതികൾ തിരിച്ചറിയുന്നത്. ടി.വി.പ്രോഗ്രാമുകളേക്കാൾ അവർക്ക് സ്വന്തമായ ഒരു ലോകത്ത് പരസ്പരം കളിച്ചു നടക്കാനാണിഷ്ടം. മാതാപിതാക്കന്മാർ പറയാറുണ്ട്. ഒന്നോ രണ്ടോ കുട്ടികളെ വളർത്തുന്നത് ഭാരപ്പെട്ട ജോലിയാണെന്ന്. പക്ഷേ ഞങ്ങളെ സംബന്ധിച്ച് അഞ്ച് കുട്ടികളെ വളർത്തുന്നത് ക്ലേശകരമായി അനുഭവപ്പെടുന്നില്ല. എന്തു കിട്ടിയാലും പങ്കുവയ്ക്കുകയും ചിലപ്പോഴൊക്കെ വഴക്കുണ്ടാക്കുമ്പോൾ രണ്ടുപേരെയും വിളിച്ചു നിർത്തി സോറി പറഞ്ഞ് തലയിൽ കൈവച്ച് പ്രാർത്ഥിക്കും. സഹകരണ മനോഭാവവും ക്ഷമിക്കുവാനുള്ള കഴിവും കുട്ടികളിൽ വളർന്നുവരുന്നുണ്ട്. അനുഭവത്തിൽ നിന്ന് ഈ ദമ്പതികൾ പറഞ്ഞു.

മൂന്നാമത് ഗർഭിണിയായിരിക്കെ, എട്ടാം മാസത്തിലാണ് പി.എസ്.സി. പരീക്ഷ എഴുതുന്നത്. റിസൾട്ട് വന്നപ്പോൾ ഫസ്റ്റ് റാങ്ക്. ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലല്ലാതെ ഇത് മറ്റെന്താണ്? അങ്ങനെ വി.എച്ച്.എസ്.സി.യിൽ ഡയറി സയൻസ് അധ്യാപികയായി ജോലികിട്ടി. ഷെജിൻ അന്ന് എച്ച്.ഡി.എഫ്.സി. ബാങ്കിൽ മാനേജരാണ്. ജോലിക്ക് പോകേണ്ടെന്ന് സ്മിത തീരുമാനിച്ചെങ്കിലും ദൈവം നൽകിയ ജോലി ഏറ്റെടുക്കണം. എന്ന ചിന്തയിൽ വി.എച്ച്.എസ്.സി.യിൽ ടീച്ചറായി കയറി.

ഷെജിൻ ജോലി രാജിവച്ച് കോട്ടയത്തെത്തി. വലിയ കുടുംബത്തിന്റെ ചിലവുകൾക്കനുസരണമായി മറ്റൊരു ജോലി വീടിനടുത്തുതന്നെ ദൈവം ഷെജിനും നല്കി.

മൂത്തമകൾ ജസീക്കായ്ക്ക് രണ്ടുവയസ്സ് പ്രായമായിട്ടും വായിൽ വിരലിടുന്ന ദുഃശ്ശീലമുണ്ടായിരുന്നു. ഉണർന്നിരിക്കുമ്പോഴും, ഉറങ്ങുമ്പോഴും ഇതുതന്നെയായിരുന്നു അവസ്ഥ. സുഹൃത്തുക്കളായ ഡോക്ടർ ദമ്പതികളോട് ഇതെക്കുറിച്ച് സംസാരിച്ചപ്പോൾ അവർ പറഞ്ഞു. നിങ്ങൾ രണ്ടുപേരും കൂടി കുട്ടിയുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചാൽ മതിയെന്ന്. തങ്ങളുടെ കുട്ടിക്കുണ്ടായിരുന്ന ഈ ദുഃശ്ശീലം ഒരുമാസം പ്രാർത്ഥിച്ചപ്പോൾ മാറി. അതുകേട്ട് ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞു. എത്രയോ വലിയ ദാനം സ്വന്തം കൈയിലുണ്ടായിരിക്കെ മറ്റെവിടെയൊക്കെയോ അന്വേഷിച്ചുപോകുന്നു. അന്ന് രാത്രി ജസീക്കാ വായിൽ കൈവച്ചപ്പോൾ ഞങ്ങൾ ഇരുവരും കൂടി അവളുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. ഞങ്ങൾ തലയിൽ നിന്ന് കൈയ്യെടുക്കുന്നതിന് മുമ്പ് ഉറങ്ങിക്കിടന്ന ജസീക്കാ കൈ വായിൽ നിന്നെടുത്തു. പിന്നീടൊരിക്കലും ഈ ദുഃശ്ശീലം ഇവൾ ആവർത്തിച്ചിട്ടില്ല.